(ബി) ഗവൺമെൻറ് അംഗീകരിച്ച ലിസ്റ്റിൽ ഇരിഞ്ഞാലക്കുട (മുകുന്ദപുരം) എട്ടാമതായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഗവൺമെൻറ് ആദ്യത്തെ നാല് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനുള്ള ശുപാർശ അയക്കാനാണ് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുള്ളത്. ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടില്ല. ഇക്കൊല്ലം ബഡ്ജറ്റിൽ ഇതിനായി ആവശ്യമായ തുക ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാരണങ്ങളാൽ 1986–87-ൽ സിവിൽ സ്റ്റേഷൻറെ പണി ആരംഭിക്കാൻ നിർവ്വാഹമില്ല.

തലശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

678 [656] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനുള്ള നിർദ്ദേശമുണ്ടോ;

(ബി) ഇത് എവിടെയാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. എട്ട് മിനി സിവിൽ സ്റ്റേഷൻ പണിയാൻ ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽ തലശ്ശേരി മിനി സിവിൽ സ്റ്റേഷൻ നാലാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തലശ്ശേരി താലൂക്ക് ആഫീസ് കോമ്പൗണ്ടിൽ.

(സി) ആദ്യത്തെ നാല് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള ശുപാർശ ഗവൺമെൻറിലേയ്ക്ക് അയക്കാനുള്ള നിർദ്ദേശം ഉണ്ട്. അതനുസരിച്ച് 31–10–1983-ൽ 67 ലക്ഷം രൂപയ്ക്കുള്ള ഒരു എസ്റ്റിമേറ്റ് ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്.

നെയ്യാറ്റിൻകര ആസ്ഥാനമാക്കി റവന്യൂ സബ്ഡിവിഷൻ

679 [657] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ആസ്ഥാനമായി ഒരു റവന്യൂ സബ് ഡിവിഷൻ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ:

ഉത്തരം

പുതിയ റവന്യൂ ഡിവിഷനുകൾ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിൻറെ പരിഗണനയിലില്ല. നെയ്യാറ്റിൻകര ആസ്ഥാനമാക്കി ഒരു റവന്യൂ സബ്ഡിവിഷൻ രൂപീകരിക്കാമോ എന്നുള്ള കാര്യം സബ്ഡിവിഷനുകളെപ്പറ്റി പൊതുവായി പരിഗണിക്കുമ്പോൾ പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly